മാരാമൺ കൺവൻഷൻ 2024

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2024 ഫെബ്രുവരി 11 ഞായർ

## മാരാമൺ കൺവൻഷൻ ഉദ്ഘാടന സന്ദേശം

# ദൈവവചന കേൾവിക്കായുള്ള കാത്തിരിപ്പും വിശ്വാസ ജീവിതത്തിന്റെ വളർച്ചയും




*129–ാം മത് മാരാമൺ കൺവൻഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.*

**129**-ാം മത് മാരാമൺ കൺവൻഷനിലേക്ക് കടന്നുവരുവാൻ ഇടയാക്കിയ ദൈവത്തിന് സ്തോത്രം കരേറ്റാം. ഹല്ലേലൂയ്യാ എന്ന് ഉറക്കെ പറയാം. മലങ്കര മാർത്തോമ്മ സുറിയാനി സഭ നൂറ്റാണ്ടുകൾ പുലർത്തിയതായ ദൈവീക പൈതൃകം നവീകരണ ആശയങ്ങൾ കൊണ്ട് കൂടുതൽ ധന്യമായപ്പോൾ രൂപപ്പെട്ട ആത്മീക സംഗമമാണ് മാരാമൺ കൺവൻഷൻ. ദൈവവചന പ്രഘോഷണത്തിന് പ്രാധാന്യം നൽകികൊണ്ട് സർവ്വ മനുഷ്യരുടെയും രക്ഷ ദൈവത്തിൽ നിന്ന് പ്രാപിക്ക എന്നുള്ള സന്ദേശം കൺവൻഷൻ പങ്കുവയ്ക്കുന്നു. ഓരോ കാലഘട്ടത്തിലും പ്രസക്തമായി വചനത്തെ പങ്കുവയ്ക്കുന്നതായ ഈ ശുശ്രൂഷ സമകാലീന ബന്ധങ്ങളെ തകർത്ത് എറിയാൻ ആന്തരിക ബലം പകരുന്നവയാണ്. ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവരാജ്യ മൂല്യങ്ങൾ പ്രായോഗികമായി നടപ്പാക്കുവാനുള്ള ആഹ്വാനം കൺവെൻഷൻ നിരന്തരം നൽകുന്നുണ്ട്. എന്നാൽ ഈ കൺവെൻഷന്റെ സവിശേഷത മനുഷ്യ ആളത്വങ്ങളെ ദൈവരാജ്യ മൂല്യങ്ങളാൾ സ്വാധീനിക്കുവാനും അവയിൽ നിലനിർത്തുവാനും ഇടയാക്കുന്നു എന്നുള്ളതാണ്. അതിന് കഴിഞ്ഞകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിൽ നിരന്തരം നവീകരണത്തിലൂടെ ജീവിത സാഹചര്യങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കുവാനും സുവിശേഷ വ്യാഖ്യാനങ്ങൾ സഹായകരമായി തീരുന്നു. അതിജീവനത്തിന്റെ അമൃതായി സുവിശേഷം തിരുന്ന അത്ഭുതമാണ് ഇവിടെ സംഭവിക്കുന്നത്. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കഴിഞ്ഞ എതാനും വർഷത്തെ കൺവൻഷനെ ബാധിച്ചു. എന്നാൽ ഈ വർഷം കൺവൻഷൻ അതിന്റെ പൂർണ്ണതയിലും നിറവിലും ചിട്ടയായി ഇന്ന് ആരംഭിക്കുകയാണ്. ഒരു വർഷത്തെ കാത്തിരിപ്പിനും ഒരുക്കത്തിനും ശേഷം ഒരുമിച്ച് ചേർന്നുവരുന്നതായ ഒരു ആത്മീക സംഗമം ജീവിതത്തെ സംബന്ധിച്ച് ഒരു വിശ്വാസിയെ സംബന്ധിച്ച് ഇത് ദൈവവചനം കേൾക്കാനുള്ള കാത്തിരിപ്പിലാണ്. ദൈവം തന്റെ മഹാകരുണയാൽ ഈ കാത്തിരിപ്പിന് ഇന്ന് പരിപൂർത്തിയാവുകയാണ്. രോഗങ്ങളും മഹാമാരികളും വ്യാധികളും ഇല്ലാത്ത ഒരുകാലഘട്ടം മനുഷ്യന്റെ എപ്പോഴുമുള്ള ആഗ്രഹമാണ്. അതിനുവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരാണ് നാം ഏവരും. വചന കേൾവിയും പ്രാർത്ഥനാന്തരീക്ഷവും ഈ പ്രതീക്ഷയ്ക്ക് ഫലം നൽകുന്നവയാണ്.

കൺവെൻഷനിൽ സംബന്ധിക്കുന്ന എല്ലാ വ്യക്തിക്കും ദൈവവചന കേൾവിക്കും സ്വീകരണത്തിനു വേണ്ടിയും തങ്ങളുടെ ഹൃദയനിരങ്ങളെ ഒരുക്കി കാത്തിരിക്കുന്ന അനുഭവമാണിത്. ദൈവവചന കേൾവിക്കായുള്ള കാത്തിരിപ്പ് അത് വിശ്വാസ ജീവിതത്തിന്റെ വളർച്ചയുടെ ഒരു പടിയാണ്. യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കുമെന്ന് നാം വായിക്കുന്നതുപോലെ ആ കാത്തിരിപ്പ് നമ്മുടെ ജീവിതത്തിൽ ദൈവിക ഇടപെട ഇടപെടലിലൂടെ ഉള്ള കാത്തിരിപ്പാണ്. ഇവിടെ നാം പ്രധാനമായും ഓർക്കേണ്ടത് ഒരു പാടത്ത് നിന്നും കൊയ്ത് എടുക്കുന്ന എല്ലാ നെല്ലും വിത്തായി മാറുന്നില്ല. നെല്ല് വിത്തായി മാറുന്ന ഒരു പ്രക്രിയ ഉണ്ട്. അത് എന്താണ് എന്ന് സാധാരണ കർഷകന് അറിയാം. എല്ലാ നെൽമണിയിലും ജീവാംശം ഉണ്ട്. എന്നാൽ വിത്തിനുവേണ്ടി മാറ്റിവയ്ക്കുന്നതായ നെൽവിത്ത് അത് പ്രയോജനകരമായി വിത്ത് ആകുന്നതിന് പിന്നിൽ കുറെ ഒരുക്കങ്ങൾ ഉണ്ട്. അതുകൊണ്ട് ഈ വചന കൂടാരത്തിൽ ഇനിയുള്ള ദിവസങ്ങൾ വളരെ പ്രാർത്ഥനയോടും ഒരുക്കത്തോടും തയ്യാറാക്കി എടുക്കുന്ന ദൈവവചനം ആണ് നാം ശ്രവിക്കുവാൻ ഒരുങ്ങുന്നത്. ആ നല്ല വിത്താണ് വിധിക്കുവാൻ ആയി പോകുന്നത്. അത് 30ഉം 60 മേനിയായി വിളഞ്ഞ് നിൽക്കുന്ന നിറവിന്റെ അനുഭവം നമുക്ക് എല്ലാവർക്കും നൽകുവാൻ സാധ്യമായി തീരണം. കേൾവിക്കാരായ നാം ഓരോരുത്തരും പന്തലിന് അകത്തായാലും വിദൂരതയിൽ നിന്ന് ശ്രമിക്കുന്നവർ ആയാലും പ്രാർത്ഥനയോടുകൂടി വചനക്കേൽവിക്കായി ഒരുക്കി അത് സാംശീകരിക്കേണ്ടതാണ് എന്ന് താല്പര്യപ്പെടുന്നു. കാത്തിരിപ്പിന്റെ അനുഭവം പോലെ തന്നെ നമ്മിൽ കേൾവിയുടെ അനുഭവം ഉണ്ടാകണം.

ശ്രദ്ധയോടെയും സമർപ്പണത്തോടെയും ദൈവവചനം കേൾക്കുമ്പോൾ അത് നമ്മിൽ പരിവർത്തനത്തിന് മുഖാന്തരങ്ങൾ ഒരുക്കും. ദൈവവചനം ഇവിടെ പങ്കുവെച്ച് നൽകുമ്പോൾ ഒരു കർഷകൻ തന്റെ വയലിലെ വിതയ്ക്കായി ഒരുക്കുന്നത് പോലെ നാം അത് കേൾക്കുവാനും സ്വീകരിക്കുവാനും നമ്മുടെ ഹൃദയങ്ങളെ ഒരുക്കി ഈ അനുഗ്രഹീത ശുശ്രൂഷയിൽ പങ്കുകാർ ആകണം. അവിടെയാണ് സമൃദ്ധിയായ വിളവ് ഉണ്ടാകുന്നത്. വചനം എന്ന വിത്തുകൾ ഒക്കെ വഴിയരികിൽ വീണ വിത്ത് പോലെയോ പാറപ്പുറത്ത് വീണ വിത്തു പോലെയോ പാഴായി പോകാൻ സാധ്യതയുണ്ട്. കൺവെൻഷൻ എന്നത് നിരന്തരം ആവർത്തിക്കപ്പെടുന്ന ഒരു ചടങ്ങല്ല. അതുകൊണ്ട് വചനം ശ്രവിച്ച് വചനത്തെ സ്വീകരിച്ച് വചനത്തെ സ്വാംശീകരിച്ച് ഫലകരമായ അനുഭവത്തിലേക്ക് നാം രൂപാന്തരപ്പെടണം. ഒരു പള്ളിയിൽ ഒരു വ്യക്തി ഉറങ്ങുന്നത് കണ്ടപ്പോൾ അച്ചൻ ചോദിച്ചു എന്തുകൊണ്ടാണ് ഉറങ്ങുന്നത് എന്ന്. അതിന് അദ്ദേഹം പറഞ്ഞു പള്ളിയിൽ എങ്കിലും സമാധാനത്തോടെ ഉറങ്ങുവാനുള്ള ഒരു അവസരം

**സമഗ്രമായ വികസനം സാധ്യമാകണമെങ്കിൽ എല്ലാ ജനങ്ങളെയും ഒരുപോലെ കാണുകയും വികസന പ്രക്രിയയിൽ പങ്കാളിത്തം നിലനിർത്തുകയും ചെയ്യേണ്ടത് ആവശ്യമാണല്ലോ. അപ്പോഴാണ് ദൈവരാജ്യത്തിന്റെ അവസ്ഥയിൽ രാമരാജ്യത്തെ കാണുവാൻ ഇടയാക്കുന്നത്.**

ഉണ്ടല്ലോ ഭവനത്തിൽ അത് ലഭിക്കാത്തതായ സാഹചര്യത്തിൽ ഇവിടെ അതിനുള്ളതായ അവസരം ഉണ്ട് എന്ന് പറഞ്ഞതെന്ന് ഞാൻ ഓർക്കുന്നു. അതുകൊണ്ട് ഇവിടെ വരുന്ന ഉറക്കത്തിന്റെ അനുഭവത്തിൽ ആകാം ഉണർന്ന് വചനം കേൾക്കുന്നവരാകാം എന്നാൽ പലതും ചിന്തിച്ച് കൊണ്ടിരിക്കുന്നവർ ആകാം. എന്നാൽ വിതയ്ക്കുന്നതായി വിത്തുകൾ നല്ല നിലത്ത് വീഴുവാൻ അവസരം ഒരുക്കേണ്ടത് നാം ഓരോരുത്തരും ആണ് എന്ന് ഈ സമയത്ത് ഓർക്കേണ്ടതായിട്ട് ഉണ്ട്.

യേശുക്രിസ്തു ഓർമ്മിപ്പിക്കുന്നത് വിത്തെല്ലാം നന്നായി വിതക്കുന്നുണ്ട് എന്നാൽ മുളച്ചു വരുമ്പോൾ നെല്ലുകളോടൊപ്പം മുള്ളും പാഴ്കളകളും വളരുവാനുള്ള സാധ്യതയുണ്ട് അത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു തിരിച്ചറിവ് എല്ലായിപ്പോഴും ഉണ്ടാകേണ്ടത് ആവശ്യമാകുന്നു എന്ന് ഈ സമയത്ത് ഞാൻ ഓർമ്മിപ്പിക്കട്ടെ. ഈ കൺവെൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പ് ഇത്രത്തോളം അനുഭവിച്ചതായ ദൈവകൃപ എത്ര വലുതാണ് എന്ന് ഓർക്കുകയാണ്. ഈ കാത്തിരിപ്പിലൂടെയും കേൾവിയിലൂടെയും നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്? ദൗത്യത്തിന്റെ പുതിയ മേഖലകളിലേക്ക് ഇറങ്ങി പ്രവർത്തിപ്പാൻ ഉള്ളതായ ഒരു സമർപ്പണം ആവശ്യമാണ് എന്ന് നാം ഓർക്കണം. കഴിഞ്ഞകാല ചരിത്രം പരിശോധിക്കുമ്പോൾ കൺവെൻഷനിലെ ദൂതിനോട് പ്രതികരിച്ച അനേകരുടെ ജീവിതത്തിൽ അനുഭവിച്ചതായ മാറ്റങ്ങൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ട് ഇവിടെ വചനകേൾവിയിലൂടെ നാം ഓരോരുത്തരും നല്ല വിത്തുകൾ ആയി രൂപാന്തരപ്പെടുത്തുന്നതായ അനുഭവമാണ് ആവശ്യമായിട്ടുള്ളത്. വിത്ത് വിതയ്ക്കുന്നുണ്ട്. അതിന്റെ ഫലം ഉണ്ടായിട്ട് ദൗത്യ നിർവഹണത്തിൽ നമ്മെ തന്നെ സമർപ്പിച്ച് മുന്നോട്ടുപോകുവാനുള്ള ആ ഒരു സമർപ്പണം ഏറ്റവും ആവശ്യമാണ് എന്ന് നാം ഓർക്കണം.

നവഭാരത ദർശനം വികസനഭാരതം എന്ന സ്വപ്നങ്ങൾ നമ്മുടെ രാഷ്ട്രത്തെ പുതിയ ദിശയിലേക്ക് നയിക്കാൻ സഹായകരമായി തീരണം. സമഗ്രമായ വികസനം സാധ്യമാകണമെങ്കിൽ എല്ലാ ജനങ്ങളെയും ഒരുപോലെ കാണുകയും വികസന പ്രക്രിയയിൽ പങ്കാളിത്തം നിലനിർത്തുകയും ചെയ്യേണ്ടത് ആവശ്യമാണല്ലോ. അപ്പോഴാണ് ദൈവരാജ്യത്തിന്റെ അവസ്ഥയിൽ രാമരാജ്യത്തെ കാണുവാൻ ഇടയാക്കുന്നത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവന ചെയ്ത ഈ ദർശനം കാത്തു പാലിക്കാൻ ഏവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. പമ്പാനദിയുടെ തിരുമാർവ്വിൽ ഈ കൺവെൻഷൻ നടക്കുമ്പോൾ പമ്പാനദിയുടെ അവസ്ഥയിൽ പരിഭവം കാട്ടുന്നവർ ആണ് നാം എല്ലാവരും. പമ്പാനദിയുടെ പുനരുദ്ധാരണം സംരക്ഷണം ഏവരുടെയും താല്പര്യമാണ് ആവശ്യമാണ്. സംസ്ഥാന സർക്കാരും ഈ പ്രദേശത്തുള്ള പഞ്ചായത്തുകളും അതിൽ മുൻകൈ എടുക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്. ഇന്ന് സമയബന്ധിതമായി ക്രമീകൃതമായി ശരിയായ പഠനം നടത്തി അത് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിൽ വീഴ്ച വരാതെ സത്വര നടപടികൾ സ്വീകരിക്കണം എന്ന് താല്പര്യപ്പെടുന്നു. ആഗോളതാപനം പരിസ്ഥിതി മലിനീകരണം ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. ലോക ഗതിയെ ആശങ്കയോടെ കാണുന്ന അനേകരുണ്ട്. മാരാമൺ കൺവെൻഷൻ നടക്കുമ്പോൾ കഴിവതും പരിസ്ഥിതി സംരക്ഷണം നമ്മുടെ ഉത്തരവാദിത്വം ആണ് എന്ന് മനസ്സിലാക്കി മനോഹരമായ ഈ നദീതടം സൂക്ഷിക്കാൻ ഏറ്റവും ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. പന്തലും പരിസരവും വിശുദ്ധമാണ് എന്ന ചിന്തയിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് സുവിശേഷ ദർശനം ഉൾക്കൊണ്ട് പ്രവർത്തന രംഗങ്ങളിൽ ശോഭിക്കാൻ വചന കേൾവി സഹായകരമായി തീരട്ടെ എന്ന് ഈ സമയത്ത് പ്രാർത്ഥിക്കുകയാണ്. ഈ കൺവെൻഷന്റെ നടത്തിപ്പിൽ ആവശ്യമായ ആലോചന നൽകി സുവിശേഷ പ്രസംഗ സംഘത്തെ ശക്തിപ്പെടുത്തുന്നു. തിരുമേനിയുടെ നല്ല നടത്തിപ്പിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഈ കൺവെൻഷന്റെ നടത്തിപ്പിൽ കേരള സർക്കാരിന്റെയും ഈ പ്രദേശം ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തിന്റെയും സഹകരണം വളരെ വിലപ്പെട്ടതാണ്. വിവിധ വകുപ്പ് മന്ത്രിമാർ സമയാസമയങ്ങളിൽ ആവശ്യമായ ആലോചന നൽകുന്നു. അവലോകനയോഗം വിളിച്ച് കൂട്ടി ക്രമീകരണങ്ങൾ വിലയിരുത്താൻ താല്പര്യപ്പെട്ടു. വിവിധ രീതിയിൽ ഇതിന്റെ ക്രമീകരണങ്ങളിൽ സഹകരിച്ച ദേശവാസികൾ, സമീപപ്രദേശങ്ങളിൽ ഉള്ള മാർത്തോമ ഇടവകകൾ, സഹോദരി സഭാവിഭാഗങ്ങൾ, വിവിധ മതവിശ്വാസികൾ എല്ലാവരുടെയും നിർലോഭമായ സഹകരണം ഈ കൺവെൻഷൻ നടത്തിപ്പിന് ലഭ്യമാകുന്നു.

ഈ കൺവെൻഷനിൽ സംബന്ധിക്കുന്ന സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിമാർ, സഭാ പിതാക്കന്മാർ, ജനപ്രതിനിധികൾ, വലിയ വിശ്വാസ സമൂഹം എല്ലാവരെയും ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുന്നു. മധ്യസ്ഥപ്രാർത്ഥന നടത്തുന്നവരെയും മനോഹരമായ ഗാനങ്ങൾ ആലപിക്കുന്നവരെയും അവരുടെ സേവനങ്ങളെ ഓർക്കുന്നു. കൺവെൻഷനുവേണ്ടി അഘോര പ്രവർത്തിക്കുകയും സംഘടിക്കുകയും ചെയ്യുന്ന പട്ടക്കാർ സുവിശേഷകൻ സേവനിമാർ വിശ്വാസികൾ തുടങ്ങിയ എല്ലാവരെയും ഓർത്ത് ദൈവത്തിന് നന്ദി അറിയിക്കുന്നു.

ആയിരിക്കുന്ന സാഹചര്യത്തിൽ ദൈവത്തെ ആശ്രയിച്ച് അനുഗ്രഹീതമായ ജീവിതം നയിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. മലങ്കര മാർത്തോമ്മാ സഭ ഒരു ആഗോള സഭയായി മാറിയിരിക്കുന്നു. ആയതിനാൽ വിവിധ സഭകളുമായുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നതിന് കഴിയുന്നു. പ്രിയരേ നാം ആയിരിക്കുന്ന സാഹചര്യങ്ങൾ ദൈവം നമ്മെ കാക്കുന്നു പരിപാലിക്കുന്നു. നാം ആയിരിക്കുന്നത് ദൈവത്തിന്റെ കൃപയാൽ ആകുന്നു. നാം അനുഭവിക്കുന്നത് എല്ലാം ദൈവത്തിന്റെ ദാനമാണ്. ദൈവവുമായുള്ള ബന്ധത്തിൽ അനുഗ്രഹ ജീവിതം നയിക്കാൻ ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു...


**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**

അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം

തോമസ് കോശി

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

റവ.എബി കെ ജോഷ്വാ

പ്രൊഫ.എബ്രഹാം പി മാത്യു

റവ.ജിജി വർഗ്ഗീസ്

ഡോ.എബി തോമസ് വാരിക്കാട്

സജി എം ജോർജ്

**ഡിസൈൻ & ലേ ഔട്ട്**

സാബു ചാക്കോ പനവേലി

# ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു

**ആർച്ച് ബിഷപ്പ് ബർണാഡ് വാലറ്റ്**
*(ഓൾഡ് കാത്തലിക് ചർച്ച് യൂട്രക്ട്)*

**മാരാമൺ കൺവൻഷൻ പ്രാരംഭ യോഗത്തിൽ ആർച്ച് ബിഷപ്പ് ബർമാഡ് വാലറ്റ് പ്രസംഗിക്കുന്നു.**

*ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്.*

ഈ സങ്കീർത്തന വാക്യം വായിച്ചാണ് ഓൾഡ് കാതോലിക് സഭയും മാർത്തോമ്മാ സുറിയാനി സഭയുമായുള്ള പ്രത്യേകമായ ധാരണപത്രം, തിരുവല്ല ഉടമ്പടി ഒപ്പ് വച്ചത്. രണ്ട് സഭകളെയും പ്രതിനിധീകരിച്ചുകൊണ്ട് അഭിവന്ദ്യ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയും ബിഷപ് ബെർണാഡ് ബാലറ്റും ധാരണപത്രത്തിൽ ഒപ്പിട്ട് കൈമാറിയത്. നിശ്ചയമായും ഒരു ചരിത്രമുഹൂർത്തം തന്നെയാണ്. ഈ രണ്ടു സഭകളും നാളുകളായി സഭൈക്യ പ്രസ്ഥാനത്തിനുവേണ്ടി പ്രതിജ്ഞാബദ്ധരാണ്. പ്രത്യേകിച്ച് സഭകളുയെ അഖില ലോക കൗൺസിലിലെ ഈ സഭകളുടെ അംഗത്വത്തിലൂടെ നിരന്തരം എക്യൂമെനിക്കൽ ബന്ധങ്ങളെ പരിപോഷിച്ചുവരുന്നു.

ഈ പ്രത്യേകമായ രീതിയിൽ സഭകളെ പരസ്പരം മനസ്സിലാക്കുവാൻ സാധിക്കുന്നത് എത്രയോ സന്തോഷകരമായ അനുഭവമാണ്. ഇന്നലെ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. ദൈവത്തിന്റെ ദർശനം നാം കാണുമ്പോൾ നിശ്ചയമായും ദൈവസന്നിധിയിൽ നാം ഒരുമിച്ച് മുട്ടുമടക്കേണ്ടവരാണ്. മാർത്തോമ്മാ സഭയുമായി ഓൾഡ് കാതോലിക് ചർച്ചിന്റെ ഭാഗമായ ഞങ്ങൾ ഇവിടെ വന്നിരിക്കുന്ന പ്രതിനിധി സംഘം ഒരേ ദർശനം പങ്കുവയ്ക്കുന്നു എന്നത് പ്രഖ്യാപിക്കുവാൻ അത് പങ്കിടുവാൻ ഞങ്ങൾക്ക് ഏറെ താല്പര്യമുണ്ട്.

ഞങ്ങളുടെ സഭയുടെ പ്രത്യേകതയെപ്പറ്റിയും അതിന്റെ സവിശേഷതയെപ്പറ്റിയും ചില വസ്തുതകൾ പ്രസ്താവിക്കട്ടെ. ഒരു പുരാതന കാത്തോലിക്ക സഭാ അംഗമാണ് എന്ന് പറയുമ്പോൾ വ്യത്യസ്തമായ പ്രതികരണങ്ങളാണ് എനിക്ക് പലപ്പോഴും ലഭിക്കാറുള്ളത്. ഒരു പക്ഷേ പുരാതന കത്തോലിക്ക സഭാംഗം എന്നു പറയുമ്പോൾ അതിന്റെ ആർച്ച് ബിഷപ്പ് എന്ന നിലയിൽ എന്റെ ഭാഗധേയത്തെപറ്റി ആയിരിക്കും കൂടുതൽ ചിന്തിക്കുന്നത്. എന്നാൽ എനിക്ക് പറയുവാൻ സാധിക്കും ഞാൻ നിങ്ങൾ വിചാരിക്കുന്ന അത്ര ചെറുപ്പക്കാരനല്ല എങ്കിലും നിങ്ങൾ വിചാരിക്കുന്നതു പോലെ ഞാൻ അത്ര വയസ്സനല്ല. അതുകൊണ്ട് തന്നെ ഓൾഡ് കാത്തോലിക/പുരാതന കാത്തോലിക്ക എന്നാ നാമധേയം അല്പം പ്രശ്നമുണ്ടാക്കുന്നതാണ് ചിലപ്പോഴൊക്കെ ചിന്താകുഴപ്പം ഉണ്ടാക്കുന്നത് ഞങ്ങളുടെ സഭ 7-ാം നൂറ്റാണ്ടിൽ, എ.ഡി. 7-ാം നൂറ്റാണ്ട് മുതലാണ് ഞങ്ങളുടെ സഭയുടെ പാരമ്പര്യം ആരംഭിക്കുന്നത് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ പലപ്പോഴും പുരാതനം എന്നതും കത്തോലിക്കാ എന്നതും സഭ എന്നതുമായ ഈ പദങ്ങൾ ചിലപ്പോഴൊക്കെ ആശയക്കുഴപ്പം സൃഷ്ടിച്ചേക്കാം. ഒരു യൂറോപ്പ്യൻ പശ്ചാത്തലത്തിൽ സഭ എന്നുള്ള ആ പദം തന്നെ അനേകരെ സംമ്മദിച്ച് അത് പ്രശ്നമുള്ള പ്രദമാണ്. ഒരു പക്ഷേ യൂറോപ്പിലൊക്കെയുള്ള അനേകരെ സംബന്ധിച്ച് അവർ ഒരിക്കലും ഒരു സഭയുടെ ഭാഗമായിതീരുന്നില്ലായിരിക്കും. എന്നാൽ ഞങ്ങൾ ക്രിസ്തു സഭ എന്ന ക്രിസ്തു ശരീരമാകുന്ന സഭയുടെ ഭാഗമാണ് എന്നതിൽ ഏറെ അഭിമാനിക്കുന്നു. എന്നാൽ ഓൾഡ് കാത്തലിക്ക് പൂർവ്വ/പുരാതന കത്തോലിക്ക സഭ എന്ന് ഞങ്ങളെ തന്നെ വിശേഷിപ്പിക്കുമ്പോൾ അത് സഭ ഐക്യത്തെപ്പറ്റിയുള്ള ഒരു പ്രത്യേക ദർശനമായാണ് സൂചിപ്പിക്കുന്നത്. പുരാതനമായ ആദിമ സഭയേയും അപ്പൊസ്തോലിക പാരമ്പര്യങ്ങളേയും അതോടൊപ്പം ആദിമ സഭാ കൗൺസിലുകളും സുന്നഹദോസുകളും ഒക്കെ പ്രഖ്യാപിക്കപ്പെട്ട വിശ്വാസത്തെയാണ് ഞങ്ങളുടെ സഭയുടെ നാമധേയം സൂചിപ്പിക്കുന്നത്. ആദിമ സഭയുടെ വിശ്വാസ ആചാരങ്ങളിൽ അതിഷ്ഠിതമായ ഒരേ ഐക്യവുമാണ് ഞങ്ങൾ സ്വപ്നം കാണുന്നത്. നിഖ്യാ സുന്നഹദോസുപോലെ, ആദ്യ സുന്നഹദോസുകളിൽ പ്രകടിപ്പിക്കപ്പെട്ടതും ഉറപ്പിക്കപ്പെട്ടതുമായ പ്രത്യേകമായ ക്രിസ്തു വിശ്വാസം, സഭാവിശ്വാസം എന്നിവയിലാണ് ഞങ്ങൾ നിശ്ചയമായും മുറുകെ പിടിക്കുന്നത്. നിഖ്യ വിശ്വാസ പ്രമാണത്തിന്റെ 1700-ാം വാർഷീകം അടുത്ത വർഷം ആഘോഷിക്കുകയാണ്. എന്നാൽ അതോടൊപ്പം തന്നെ സമകാലികമായ പശ്ചാത്തലത്തിൽ നിഖ്യാ സുന്നഹദോസിൽ പ്രഖ്യാപിക്കപ്പെട്ട ആ വിശ്വാസത്തിന്റെ അടിത്തറയിൽനിന്നു കൊണ്ട് തന്നെ നിലവിലുള്ള സഭകളുമായി പുതിയ ബന്ധങ്ങളിലേക്ക് പ്രവേശിക്കുന്നതിലും ഞങ്ങൾ സന്തോഷം കണ്ടെത്തുന്നു. അത് ഒരു വലിയ പ്രതീക്ഷയാണ്. സഭ ഐക്യത്തിനു വേണ്ടിയുള്ള ഞങ്ങളുടെ സഞ്ചാരപാദകളിൽ മലങ്കര മാർത്തോമ്മ സുറിയാനി സഭയെ കണ്ടെത്തുവാൻ, പരസ്പരം മനസ്സിലാക്കുവാൻ കഴിഞ്ഞതിൽ ഞങ്ങളേറേ സന്തോഷിക്കുന്നു. സഭ ഐക്യ യാത്രകൾ അഖില ലോക സഭാകൗൺസിലിലാണ് ആരംഭിച്ചത്. അത് അങ്ങനെ തന്നെ തുടന്ന് മുമ്പോട്ട് പോകുക തന്നെ ചെയ്യും. സഭ എന്ന നിലയിൽ ഞങ്ങൾക്ക് മാത്രമായ ഒരു പ്രേഷിത ദൗത്യവും ഉണ്ട് എന്ന് വിശ്വസിക്കുന്നില്ല. ഞങ്ങൾ ദൈവത്തിന്റെ ദൗത്യത്തിന്റെ പങ്കുകാർ മാത്രമാണ്. യേശുക്രിസ്തുവിൽ ശരീരം ധരിക്കുകയും പ്രഘോഷിക്കപ്പെടുകുയം ചെയ്ത ആ വലിയ സുവിശേഷം വിമോചനത്തിന്റെയും അനുരജഞ്നത്തിന്റെയും സുവിശേഷം അതാണ് ഞങ്ങൾ പ്രഘോഷിക്കുന്നത്. ഈ ഒരു പ്രത്യേകമായ ഐക്യ ബന്ധമെന്ന് പറയുന്നത് ദൈവത്തിൽ നിന്ന് ലഭിച്ച ഒരു വിശിഷ്ട സമ്മാനമായിട്ട് കരുതുന്നു. ഒരു യൂറോപ്പ് അധിഷ്ഠിതമായ സഭയും മറ്റൊരു ഭാരതീയമായ പശ്ചാത്തലത്തിലുള്ള സുറിയാനി ആരാധനാ പാരമ്പര്യമുള്ള സഭയുമായുള്ള ഈ ഐക്യ ഉടമ്പടി ഒരു വലിയ പ്രത്യാശയുടെ അടയാളമായി ഞങ്ങൾ കാണുന്നു. സാംസ്കാരികവും ദൈവശാസ്ത്രപരമായ എല്ലാ വൈവിധ്യങ്ങളുടെ മദ്ധ്യത്തിലും ഈ കാലത്തും നമുക്ക് ഐക്യം കണ്ടെത്തുവാൻ കഴിയും എന്നതാണ് പ്രത്യേക ഉടമ്പടിയിൽകൂടെ മനസ്സിലാക്കുന്നത്. അതാണ് ഞങ്ങൾക്ക് ലോകത്തോട് പ്രഘോഷിക്കാനുള്ളത്.

> **സഭ ഐക്യത്തിനു വേണ്ടിയുള്ള ഞങ്ങളുടെ സഞ്ചാരപാദകളിൽ മലങ്കര മാർത്തോമ്മ സുറിയാനി സഭയെ കണ്ടെത്തുവാൻ, പരസ്പരം മനസ്സിലാക്കുവാൻ കഴിഞ്ഞതിൽ ഞങ്ങളേറേ സന്തോഷിക്കുന്നു. സഭ ഐക്യ യാത്രകൾ അഖിലലോക സഭാകൗൺസിലിലാണ് ആരംഭിച്ചത്.**

ഓൾഡ് കാതോലിക് ചർച്ചിലെ ഒരു അംഗമെന്ന നിലയിലും യുട്രെക്റ്റിന്റെ ആർച്ച് ബിഷപ്പ് എന്ന നിലയിലും ഈ മഹാസമ്മേളനത്തിന്റെ അനുഗ്രഹകരമായ അനുഭവം നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. നിങ്ങൾക്ക് ഏറെ ആത്മ പ്രജോതിതമായ കൺവെൻഷൻ മഹായോഗത്തിന്റെ അനുഭവം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ.

**മാരാമൺ കൺവൻഷൻ പാട്ടുപുസ്തകങ്ങൾ**

മലയാളം 20 രൂപ ഇംഗ്ലിഷ് ട്രാൻസ്ലിറ്ററേറ്റഡ് 30 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്